മത്സ്യക്കയറ്റുമതി പാർക്കുകൾ ആരംഭിക്കുവാൻ നടപടി

124 (2403) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. ഡി. സുഗതൻ :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മത്സ്യക്കയറ്റുമതി പാർക്കുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എവിടെയെന്ന് പറയുമോ ;

(സി) ഈ പാർക്കിൽ മത്സ്യ സംസ്ക്കരണത്തിലും കയറ്റുമതിയിലും ഏർപ്പെടുന്നവരെ സഹായിക്കുവാൻ എന്തെല്ലാം ഏർപ്പാടുകളാണ് ഏർപ്പെടുത്തുന്നതെന്ന് പറയുമോ ?

ഉത്തരം

(എ) ഉദ്ദേശമുണ്ട്.

(ബി) ആലപ്പുഴ ജില്ലയിലെ അരൂരിൽ.

(സി) ഈ പാർക്കിൽ താഴെപ്പറയുന്ന ഏർപ്പാടുകൾ ഉണ്ടാക്കുന്നതാണ്.

1. ഫ്രീ പ്രോസസിംഗ് യൂണിറ്റുകൾ (75 എം. ടി. കപ്പാസിറ്റി വീതം) – 10
2. ചിൽഡ് സ്റ്റോറേജുകൾ – 2
3. ഫ്ളേക്ക് ഐസ് നിർമ്മാണ യൂണിറ്റ് (10 റ്റി. കപ്പാസിറ്റി) – 1
4. ജല ശുദ്ധീകരണ സംവിധാനം
5. മാലിന്യ നിർമ്മാർജ്ജന യൂണിറ്റ് – 1
6. വൈദ്യുത വിതരണത്തിന് ജനറേറ്റുകൾ
7. ക്യാന്റീൻ

ഐസ് പ്ലാന്റുകളുടെ പുനരുദ്ധാരണം

125 (2404) ശ്രീ. എൻ. ശക്തൻ :
ശ്രീ. ജോർജ്ജ് ജെ. മാത്യു :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. ടി. യു. രാധാകൃഷ്ണൻ :
ശ്രീ. ഇ. എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ടൂറിസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ : -

(എ) ഫിഷറീസ് വകുപ്പിന്റെ കീഴിൽ എത്ര ഐസ് പ്ലാന്റുകളുണ്ട് ; എവിടെയെല്ലാം ; ഇവ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇവയെ പുനരുദ്ധരിക്കുവാൻ എന്തെങ്കിലും പരിപാടിയുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ?

ഉത്തരം

(എ) ഫിഷറീസ് വകുപ്പിന്റെ കീഴിൽ 18 ഐസ് പ്ലാന്റുകളാണ് ഉണ്ടായിരുന്നത്. ഇതിൽ പത്തെണ്ണം മത്സ്യഫെഡിന് വിട്ടുകൊടുത്തിട്ടുണ്ട്. ബാക്കിയുള്ള എട്ടെണ്ണം ഫിഷറീസ് വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലുമാണ്. ഇവ സ്ഥിതി ചെയ്യുന്ന സ്ഥലങ്ങൾ താഴെ കൊടുക്കുന്നു :

മത്സ്യഫെഡിന് വിട്ടുകൊടുത്തവ		ഫിഷറീസ് വകുപ്പിന്റെ നിയന്ത്രണത്തിലുള്ളവ	
സ്ഥലം	ജില്ല	സ്ഥലം	ജില്ല
1. കസബ	കാസർഗോഡ്	1. മാടായി	കണ്ണൂർ
2. തലായ്	കണ്ണൂർ	2. ബേപ്പൂർ	കോഴിക്കോട്
3. മാപ്പിളബേ	കണ്ണൂർ	3. പൊന്നാനി	മലപ്പുറം
4. കൊയിലാണ്ടി	കോഴിക്കോട്	4. തോട്ടപ്പള്ളി	ആലപ്പുഴ
5. താനൂർ	മലപ്പുറം	5. ചെങ്ങന്നൂർ	ആലപ്പുഴ
6. ചാവക്കാട്	തൃശ്ശൂർ	6. കായംകുളം	ആലപ്പുഴ
7. അഴീക്കോട്	തൃശ്ശൂർ	7. കോട്ടയം	കോട്ടയം
8. നീണ്ടകര	കൊല്ലം	8. വിഴിഞ്ഞം	തിരുവനന്തപുരം
9. വളപട്ടണം	കണ്ണൂർ		
10. വെസ്റ്റ് ഹിൽ	കോഴിക്കോട്		

ഫിഷറീസ് വകുപ്പിന്റെ നിയന്ത്രണത്തിലുള്ളവ പ്രവർത്തിക്കുന്നില്ല. പുതിയ മോഡൽ എഞ്ചിനുകളുടെ കടന്നുകയറ്റംമൂലം പഴയ എഞ്ചിനുകളുടെ സ്പെയർ പാർട്ടുകൾ ലഭിക്കാത്തതിനാൽ കേടുവന്ന യന്ത്രസാമഗ്രികൾ റിപ്പയർ ചെയ്യാൻ സാധിക്കാത്തതുമൂലമാണ് പ്രവർത്തിപ്പിക്കുവാൻ സാധിക്കാത്തത്.

(ബി) ഫിഷറീസ് വകുപ്പിന്റെ കീഴിലുള്ള ഐസ് പ്ലാന്റുകൾ പുനരുദ്ധരിക്കുവാൻ പരിപാടിയില്ല. മത്സ്യഫെഡിന് കൈമാറിയിട്ടുള്ള 10 ഐസ് പ്ലാന്റുകളിൽ നാലെണ്ണം വിവിധ ആവശ്യങ്ങൾക്കും (ഓഫീസ്, വ്യാസാ സ്റ്റോർ, ഒ.ബി.എം. വർക്ക്ഷോപ്പ് തുടങ്ങിയവയാക്കി) ആറെണ്ണം ഐസ് പ്ലാന്റായി പുനരുദ്ധരണം നടത്താനുമാണ് സർക്കാർ അംഗീകാരം നൽകിയിട്ടുള്ളത്. 6 പ്ലാന്റുകളിൽ നാലെണ്ണം പുനരുദ്ധാരണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly